# കേരള സർവകലാശാല

നം. പി.ആർ.045/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അക്കാദമിക് കൗൺസിൽ യോഗം ഏപ്രിൽ ഒന്നിന്

കേരള സർവകലാശാല അക്കാദമിക് കൗൺസിൽ യോഗം ഏപ്രിൽ ഒന്നിന് രാവിലെ 10 മണി മുതൽ പാളയം സെനറ്റ് ചേംബറിൽ നടക്കും. അംഗങ്ങൾ പ്രമേയങ്ങൾ മാർച്ച് ഒമ്പത് നാല് മണിക്കകം രജിസ്ട്രാർക്ക് സമർപ്പിക്കണം.

### ബി.എ അഫ്സൽ ഉൽ ഉലമ പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന അവസാന വർഷ ബി.എ (ആന്വൽ)/ ബി.എ. അഫ്സൽ ഉൽ-ഉലമ പാർട്ട് മൂന്ന് പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അവസാന വർഷ റഗുലർ (പ്രൈവറ്റ്/ഡിസ്റ്റൻസ്) വിദ്യാർത്ഥികൾ മാർച്ച് ഏഴ് മുതൽ ഫീസടച്ച് ഓൺലൈനായി അപേക്ഷിക്കാം. മറ്റുള്ള സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ഇന്ന് മുതൽ നിർദ്ദിഷ്ട അപേക്ഷഫോമിൽ ഫീസടച്ച് ഓഫ്ലൈനായി അപേക്ഷിക്കാം. കേരള സർവകലാശാല പരിധിക്കുള്ളിൽ വരുന്ന കോളേജുകൾ മാത്രം പരീക്ഷാകേന്ദ്രങ്ങളായി തിരഞ്ഞെടുക്കേണ്ടതാണ്. എല്ലാ വിദ്യാർത്ഥികൾക്കും പിഴകൂടാതെ മാർച്ച് 13 (50 രൂപ പിഴയോടെ മാർച്ച് 16, 250 രൂപ പിഴയോടെ മാർച്ച് 20) വരെ അപേക്ഷിക്കാം. 2016 ഒക്ടോബർ/ നവംബറിൽ പാർട്ട് മൂന്ന് സപ്ലിമെന്ററി പരീക്ഷയെഴുതി ഫലം പ്രതീക്ഷിക്കുന്നവർക്ക് മാത്രമായി ഫീസടച്ച് അപേക്ഷിക്കാൻ അവസരം നൽകുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പരീക്ഷാഭീതി അകറ്റുവാൻ ടെലിഫോൺ കൗൺസലിംഗ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെയും സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ് ലോംഗ് എജ്യുക്കേഷൻ കേരള (സ്കോൾ കേരള)-യുടേയും സംയുക്താഭിമുഖ്യത്തിൽ ഹയർ സെക്കൻഡറി പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ടി ടെലിഫോൺ കൗൺസലിംഗ് നൽകുന്നു. പരീക്ഷഭീതി അകറ്റി ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് ലക്ഷ്യം. സർവകലാശാല പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം അഞ്ച് മണിവരെ സേവനം ലഭ്യമാണ്. ഫോൺ : 0471 – 2302524.

### സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് : സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ഫെബ്രുവരി 18-ന് ആരംഭിച്ച സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫീസ് 7500 രൂപ. കാലാവധി ആറ് മാസം. യോഗ്യത പ്ലസ്ടു/ പ്രീഡിഗ്രി ജയം. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി പി.എം.ജി-യിലുള്ള തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ : 0471-2302523.

**എം.എ.എസ്.എൽ.പി ഫലം**

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് & പഴയ സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 17 വരെ അപേക്ഷിക്കാം.

**ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ഫലം**

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**ബി.എസ്സി (ആന്വൽ സ്കീം) ടൈംടേബിൾ**

കേരള സർവകലാശാല ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന അവസാന വർഷ ബി.എസ്സി (ആന്വൽ സ്കീം) മാത്തമാറ്റിക്സ് മെയിൻ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**ബി.പി.എ പരീക്ഷ**

കേരള സർവകലാശാല ബി.പി.എ (ആന്വൽ സ്കീം - 2007, 2008, 2009 അഡ്മിഷൻ) മേഴ്സിചാൻസ് വിദ്യാർത്ഥികൾക്ക് പിഴകൂടാതെ മാർച്ച് എട്ട് (50 രൂപ പിഴയോടെ മാർച്ച് 13, 250 രൂപ പിഴയോടെ മാർച്ച് 15) വരെ ഫീസടയ്ക്കാം. മേഴ്സിചാൻസ് വിദ്യാർത്ഥികൾ 5200/- രൂപ അധികം അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**ബി.സി.എ പ്രാക്ടിക്കൽ**

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ കരിയർ റിലേറ്റഡ് മൂന്നാം സെമസ്റ്റർ ബി.സി.എ (റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് എട്ടിന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**എം.എഡ് പുതുക്കിയ ടൈംടേബിൾ**

കേരള സർവകലാശാല മാർച്ച് 20-ന് ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ് - ദ്വിവത്സര പ്രോഗ്രാം - 2015 സ്കീം - റഗുലർ & സപ്ലിമെന്ററി) പരീക്ഷ മാർച്ച് 22-ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**ലക്ചറർ : അപേക്ഷ ക്ഷണിച്ചു**

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ (മാത്തമാറ്റിക്സ്) നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി മാർച്ച് 15. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

**ഡിഗ്രി പരീക്ഷ**

കേരള സർവകലാശാല ഏപ്രിൽ 17-ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ/ബി.കോം/ബി.എസ്സി (സി.ബി.സി.എസ് & കരിയർ റിലേറ്റഡ് ഉൾപ്പെടെ) (2014 റഗുലർ, 2011, 2012, 2013 സപ്ലിമെന്ററി) പരീക്ഷകൾക്ക്

**പിഴകൂടാതെ മാർച്ച് 10 (50 രൂപ പിഴയോടെ മാർച്ച് 16, 250 രൂപ പിഴയോടെ മാർച്ച് 22) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.**

**തിരുവനന്തപുരം.**
**01.03.2017**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**